E-ISSN:2582-550X

Ishal Paithrkam
Issue-44, December 2025
journal home page: https://ojs.ishalpaithrkam.info

# The Protagonists and their Formation of Authority in Vaikom Muhammed Basheer's Novels

**Abdul Salam A.P**
**Dr Gisha Elizabeth Varghese**

This paper offers a critical examination of male subjectivity and representations of masculinity in the novels of Vaikom Muhammad Basheer, one of Malayalam literature’s most distinctive voices. Unlike conventional narratives that portray male protagonists as wielders of patriarchal power-whether overtly or covertly-Basheer’s male characters often stand apart in their rejection or absence of such dominance, both within the family unit and the public sphere. Though Basheer’s works are anchored in the broader tradition of literary realism, he maintains a stylistic and expressive distance from dominant tropes, particularly in the construction of his protagonists. Rather than creating heroic figures who engage in revolutionary struggles against societal injustices, Basheer offers alternative male figures marked by vulnerability, eccentricity, emotional depth, and a conscious detachment from traditional power structures. This divergence, the paper argues, is not merely a narrative choice but indicative of a deeper ideological position—one that questions and destabilizes hegemonic masculinity. Drawing on contemporary masculinity studies, which emphasize the plurality and cultural specificity of masculine identities, the paper explores how Basheer’s characters align with or challenge varying models of masculinity—including subordinated and hybrid

forms. By foregrounding these alternative male subjectivities, the study illustrates how Basheer subtly subverts entrenched gender hierarchies and proposes a reimagined framework of male protagonism within the context of Malayalam literature and beyond.

**Keywords:** Gender position, masculinity, patriarchy, hybrid masculinity

**Bibliography**

Basheer, Vaikom Muhammed (2015). Basheer Sampoorna Krithikal. D.C. Books.
Bourdieu, P. (2019). Aanathavum Adeesathvavum. Progress Publications.
Davidson, M. (2004). Guys like us: Citing masculinity in Cold War poetics. University of Chicago Press.
Erumeli. (2012). Malayala Sahityam Kalghattangaliloode. Current Books.
Horlacher, S. (Ed.). (2015). Configuring masculinity in theory and literary practice. Brill. http://www.jstor.org/stable/10.1163/j.ctv2gjwt1m
Kesavadev, P. (1974). Odayil Ninnu. Sahithya Pravarthaka Sahakarana Sangham
Pradeepan Pampirikunnu. (2020). Lekhanangal (S. P. Ilayidam & K. M. Anil, Eds.). Kerala Sahitya Akademi.
Prasannarajan. (2018). Adhikaram Sahityathil: Samakalika Vayanakal. Kerala Bhasha Institute.
Sanilkumar, P. (2015, August 13). Lingam Valiya Nunayanu; Aanatham Anubombum. Azhimukham. https://azhimukham.com/masculinity-patriarchy/
Thakazhi Sivasankara Pillai. (1974). Randidangazhi. Sahithya Pravarthaka Sahakarana Sangham
Tharakan, K.M. (2025). Malayala Novelsahithya Charithram. Kerala Sahitya Akademi.
Uroob. (1971). Ummaachu. Current Books.

**Abdul Salam A.P**
Research Scholar
Calicut University
Kerala Sahitya Akademi Centre
Thrissur
Pin: 680020
Ph: +91 9544973993
Email: apsalaamkannur@gmail.com
ORCiD: 0009-0006-9941-8520
&
**Dr Gisha Elizabeth Varghese**
Research Guide and Associate Professor
Vimala College, Thrissur
Pin: 680009
Ph: +91 9447436163
Email: gishapious@gmail.com
ORCiD: 0009-0006-4179-6836

E-ISSN:2582-550X

Ishal Paithrkam
Issue-44, December 2025

journal home page: https://ojs.ishalpaithrkam.info

# ബഷീർ നോവലുകളിലെ നായകരും കർതൃത്വരൂപീകരണവും

അബ്ദുൽ സലാം എ.പി
ഡോ. ജിഷ എലിസബത്ത് വർഗീസ്

മലയാളസാഹിത്യത്തിലെ ശ്രദ്ധേയനായ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകളിലെ പുരുഷകഥാപാത്രങ്ങളെക്കുറിച്ചും പൗരുഷത്തിന്റെ പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിമർശനാത്മക പഠനമാണ് ഈ പ്രബന്ധം. പുരുഷന്മാരായ പ്രധാന കഥാപാത്രങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പുരുഷാധിപത്യത്തെ കൈയാളുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന യാഥാസ്ഥിതിക ആഖ്യാനങ്ങളിൽനിന്നു വ്യത്യസ്തമായി അത്തരം ആധിപത്യത്തെ നിഷേധിക്കുകയോ തിരസ്കരിക്കുകയോ ചെയ്തുകൊണ്ട് ബഷീറിന്റെ പുരുഷകഥാപാത്രങ്ങൾ വേറിട്ടു നിൽക്കുന്നു. കുടുംബത്തിലും പൊതു ഇടങ്ങളിലും അവരുടെ നിലപാട് ഇതുതന്നെയാണ്. സാഹിത്യത്തിലെ യഥാതഥ (റിയലിസ്റ്റ്) ധാരയിൽ പെടുന്നവയാണ് ബഷീറിന്റെ രചനകളെങ്കിലും മുഖ്യകഥാപാത്രങ്ങളുടെ സൃഷ്ടി പോലുള്ള കാര്യങ്ങളിൽ ഇസങ്ങളുടെ വ്യവസ്ഥകളിൽനിന്ന് അദ്ദേഹം അകലം പാലിക്കുന്നുണ്ട്.

സമൂഹത്തിന്റെ അനീതിക്കെതിരേ വിപ്ലവകരമായ നിലപാടുകളെടുത്തു പോരാടുന്ന ഹീറോകളല്ല ബഷീറിന്റെ പുരുഷ കഥാപാത്രങ്ങൾ. അവർ ദുർബലരും ഉന്മാദികളും വികാരജീവികളുമാണ്. പരമ്പരാഗതമായ അധികാരഘടനകളിൽനിന്നു ബോധപൂർവമോ അല്ലാതെയോ വിട്ടുനിൽക്കുന്നവരുമാണ്. ഇത് ആഖ്യാനപര

മായ ഒരു തെരഞ്ഞെടുപ്പു മാത്രമല്ലെന്നും വളരെ ആഴത്തിലുള്ള ഒരു പ്രത്യയശാസ്ത്ര തെരഞ്ഞെടുപ്പാണെന്നും ഈ പ്രബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നു. പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ പ്രത്യയശാസ്ത്രമെന്നു കൂടി പ്രബന്ധം പറഞ്ഞുവയ്ക്കുന്നു.

പുരുഷന്റെ സ്വത്വങ്ങളുടെ അപാരമായ വൈവിധ്യങ്ങളും സാംസ്കാരികമായ സവിശേഷതകളും പഠനവിഷയമാക്കുന്ന സമകാലീന പൗരുഷ പഠനങ്ങളുടെ സൈദ്ധാന്തിക അടിത്തറയിൽ ആണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്. പുരുഷത്വത്തിന്റെ ബഹുമുഖമായ മാതൃകകളോട് ബഷീറിന്റെ പുരുഷന്മാർ എങ്ങനെ ചേർന്നു പോകുന്നു എന്നും, ആ മാതൃകകളെ അവർ എങ്ങനെ വെല്ലുവിളിക്കുന്നു എന്നും ഈ പഠനം പരിശോധിക്കുന്നു. കീഴാളവും സങ്കരവുമായ നിരവധി സ്വത്വങ്ങൾ ഈ പഠനപരിധിയിൽ വരുന്നുണ്ട്. പുരുഷ കർതൃത്വങ്ങളുടെ ഈ ബദൽരൂപങ്ങളുടെ പശ്ചാത്തലത്തിൽ അതിസൂക്ഷ്മമായി സമൂഹത്തിൽ ആഴത്തിൽ വേരോടിയ ലിംഗപരമായ അധീശത്വത്തെ ബഷീർ അട്ടിമറിക്കുന്നതും മലയാള സാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ പുരുഷ പ്രതിനിധാനത്തിന്റെ ഒരു പുതിയ സർഗാത്മക ലോകത്തെ സൃഷ്ടിച്ചെടുക്കുന്നതും ഈ പ്രബന്ധത്തിന്റെ പരിഗണനാവിഷയങ്ങളാണ്.

**താക്കോൽവാക്കുകൾ:** ലിംഗപദവി, ആണത്തം, അധീശത്വം, സങ്കരപുരുഷത്വം

**ആമുഖം**

ലൈംഗികാസ്തിത്വത്തിന്റെ പലതരം വൈവിധ്യങ്ങൾ പഠനവിഷയമാകുന്ന ആധുനികകാലത്ത് സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു മേഖലയാണ് ആണത്ത പഠനങ്ങൾ. ലിംഗസങ്കല്പനങ്ങൾ അധികാരത്തെയും വ്യക്തിഗത അനുഭവങ്ങളെയും സമൂഹനിർമ്മിതിയെയും എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയം ഫെമിനിസ്റ്റ് പഠനങ്ങളെപ്പോലെ ആണത്തപഠനങ്ങളും കൈകാര്യം ചെയ്യുന്നുണ്ട്. ലിംഗപഠനമേഖല പുരുഷത്വപഠനങ്ങളില്ലാതെ അപൂർണ്ണമാണ്.

ആസ്ട്രേലിയൻ സാമൂഹികശാസ്ത്രജ്ഞയായ ആർ.ഡബ്ലു. കോണൽ ആണ് ഗ്രാംഷിയൻ ചിന്തകളിൽനിന്നു സ്വാധീനം ഉൾക്കൊണ്ട് അധീശപുരുഷത്വം എന്ന സങ്കല്പനം രൂപപ്പെടുത്തിയത് (കോണൽ, 1995, പു.76–78). സ്ത്രീയെയും സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ഇതര സംവർഗങ്ങളെയും അടക്കി ഭരിക്കാനും സംരക്ഷിക്കാനും കെല്പുള്ള ആദർശപുരുഷൻ എന്നതാണ് ഈ സങ്കല്പനം. ശക്തി, സ്വാതന്ത്ര്യം, ജീവസന്ധാര

ണത്തിനുള്ള മേന്മ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ ആണത്തം നിർമിക്കപ്പെട്ടതും സ്ത്രീയുടെ അപരസ്വത്വമായി ആധുനികതയിൽ നിർവ്വചിക്കപ്പെട്ടതും. പുരുഷത്വം ഒരു ജൈവസ്വത്വമല്ലെന്നും സാമൂഹിക നിർമിതിയാണെന്നും മുമ്പുതന്നെ മാർക്സ് സൂചിപ്പിച്ചിട്ടുണ്ട്. ഉല്പാദന-പുനരുല്പാദന ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മാർക്സിയൻ ചിന്തകർ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളെ വിചിന്തനം ചെയ്യാൻ തുടങ്ങിയതോടെയാണ് ലിംഗപദവിയെന്നത് കേവലം ജൈവഘടനയല്ലെന്നും അത് സാമൂഹികമായ പ്രകടനങ്ങളിലൂടെ ചരിത്രപരമായി രൂപപ്പെട്ടുവന്നതാണെന്നുമുള്ള ചിന്ത പ്രബലമായത്.

സാംസ്കാരികവ്യവഹാരങ്ങളിലെ 'ആദർശാത്മകപുരുഷൻ' പാശ്ചാത്യസങ്കല്പത്തിൽ നിന്നു കടംകൊണ്ട 'ഭിന്നലൈംഗികതയും വെളുത്ത തൊലിയുമുള്ള'യാളാണ് (Straight white man). ഇന്ത്യയിൽ അതിന് ജാതിയുടെയും കുലമഹിമയുടെയും വച്ചുകെട്ടലുകളുമുണ്ട്. ഈ സമവാക്യത്തിനു താഴെ വരുന്നതിൽ പലതും കീഴാള ആണത്തസങ്കല്പത്തിൽ പെടുന്നു. അപ്പോഴും അവ സ്ത്രീയെന്ന സംവർഗ്ഗത്തിനു മുകളിലാണുതാനും. പുരുഷത്വപഠനങ്ങൾ 'ആണത്ത'ത്തിനു പകരം ആണത്തങ്ങളെയാണ് പരിശോധിക്കുന്നത്. പുരുഷനും അവന്റെ സാംസ്കാരികപ്രതിനിധാനങ്ങളും ഓരോ കാലത്തും ഓരോ സമൂഹത്തിലും മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് ഇതിന്റെ കാരണം. വ്യത്യസ്ത കാലങ്ങളിലും സമൂഹങ്ങളിലും ഉണ്ടായിട്ടുള്ള സാഹിത്യത്തെ കേന്ദ്രീകരിച്ചുകൊണ്ടും സവിശേഷമായി മലയാള സാഹിത്യത്തിൽ ബഷീർ കൃതികളെ അടിസ്ഥാനപ്പെടുത്തിയുമാണ് ഈ പ്രബന്ധത്തിൽ ആണത്തപഠനം നിർവഹിച്ചിട്ടുള്ളത്.

**സങ്കീർണമായ ആൺരൂപങ്ങൾ**

ആദ്യകാലത്ത് ശക്തനും വിജയിയുമായ 'പുരുഷൻ' (The Man) ആയിരുന്നു സാഹിത്യത്തിന്റെ കേന്ദ്രസ്ഥാനത്തെങ്കിൽ ആധുനികസാഹിത്യം സമൂഹത്തിന്റെ പലതരം ബലതന്ത്രങ്ങളിൽ കുരുങ്ങിക്കിടക്കുന്ന പലതരം പുരുഷന്മാരുടെ സങ്കീർണ്ണതകളും ഉത്കണ്ഠകളും ആവിഷ്കരിച്ചു. കോളനിയനന്തരസാഹിത്യം, കോളനിവത്കരണം രൂപപ്പെടുത്തിയ പുരുഷന്മാരെക്കുറിച്ചു ചർച്ചചെയ്തു. പുരുഷത്വത്തെക്കുറിച്ചുള്ള സാമ്പ്രദായിക സങ്കല്പങ്ങളെ തകർക്കുന്നതിനൊപ്പം പുരുഷാസ്തിത്വത്തിന്റെ കൂടുതൽ സങ്കീർണ്ണമായ വശങ്ങളെക്കുറിച്ചുള്ള ആഴമേറിയ പഠനങ്ങളിലേക്കും ഇത് നയിച്ചു. ആഫ്രിക്കപോലുള്ള മൂന്നാം ലോകനാടുകളിൽനിന്നുള്ള സാ

ഹിത്യം വംശീയതയുടെയും ദാരിദ്ര്യത്തിന്റെയും സാമൂഹ്യയാഥാർ ഥ്യങ്ങളിൽ ഈ മാറിയ പുരുഷനെ പ്രതിഷ്ഠിച്ചിട്ടുണ്ട്. സമകാലീന സാഹിത്യത്തിൽ പൗരുഷം എന്നത് ഏകശിലാമാനമായ ഒരു കല് പനയല്ല. അത് പലതരം ഐഡന്റിറ്റികളുടെ ഒരു പൊതുവായ പേ രാണ്. അതിൽ പരമ്പരാഗതമായ പുരുഷസങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നവയും ഉൾപ്പെടും. നാലുതരം പുരുഷസ്വത്വങ്ങളെയാണ് ആർ. ഡബ്ല്യു. കോണൽ സങ്കൽപ്പിക്കുന്നത്. ആദർശപുരുഷൻ/അ ധീശപുരുഷൻ, കീഴാളപുരുഷൻ, ആജ്ഞാനുവർത്തിയായ പുരുഷൻ, വിപ്ലവകാരിയായ പുരുഷൻ എന്നിവയാണവ.

പുരുഷന്റെ ലിംഗാവബോധത്തിന് രണ്ടു പിരിവുകളുണ്ടെ ന്ന് 'Discovering Men' എന്ന പുസ്തകത്തിൽ ഡേവിഡ് എച്ച്.ജെ. മോർഗൺ നിരീക്ഷിക്കുന്നു. ലിംഗ അസമത്വത്തെക്കുറിച്ചുള്ള അറി വും 'വ്യക്തിപരമായതാണ് രാഷ്ട്രീയം' എന്ന ബോധ്യവും ഈ ജ്ഞാനത്തെ കൂടുതൽ വ്യക്തിപരമായ തലത്തിലേക്കു കൊണ്ടു പോകാൻ അയാളെ പ്രേരിപ്പിക്കുന്നു. ഇത്തരമൊരു വ്യവസ്ഥ സ്വാം ശീകരിക്കുന്നതിലെ കുറ്റബോധത്തോടൊപ്പം, വ്യക്തിപരമായ തല ത്തിൽ താൻ മാറേണ്ടതുണ്ട് എന്നൊരു ചിന്തയുമുണ്ടാകാം. ഈ പ്ര തികരണം തികച്ചും അരാഷ്ട്രീയമാണ്. രണ്ടാമത്തെ പ്രതികരണം സാമൂഹികമാണ്. വ്യക്തിപരമായ കുറ്റമേറ്റെടുക്കലോ കുറ്റബോധ മോ ഇവിടെയില്ല. പുരുഷാധിപത്യപരമായ സ്ഥാപനങ്ങളുടെ അ ധികാരവും വ്യാപനവും അവർ തിരിച്ചറിയുകയും അതിനെ അഭിമു ഖീകരിക്കുകയും ചെയ്യുന്നു. കുടുംബം, വിദ്യാലയം, സമൂഹം തുട ങ്ങി ഓരോ ഘടകത്തെയും ഇത്തരത്തിൽ കുറേക്കൂടി രാഷ്ട്രീയപര മായി കൈകാര്യം ചെയ്യുന്നു (മോർഗൻ, 1992, പു.46).

**നായകസങ്കല്പങ്ങൾ, പൗരുഷ മാതൃകകൾ**

ഇന്ത്യൻ സ്വാതന്ത്ര്യസമരവും ലോകമഹായുദ്ധങ്ങളും കേ രളത്തിലെ നവോത്ഥാനത്തുടർച്ചയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ശാസ്ത്രത്തിന്റെ വളർച്ചയും ലോകസാഹിത്യത്തോടുള്ള കൂടുതൽ സജീവമായ ബന്ധവും ചേർന്ന് 1930-കളോടെ മലയാളത്തിൽ രൂപ പ്പെടുത്തിയെടുത്ത നവഭാവുകത്വമാണ് യഥാതഥസമ്പ്രദായം (റിയ ലിസം). മനുഷ്യന്റെ ത്യാഗഭരിതവും സംഘർഷാത്മകവുമായ ജീ വിതത്തെ പൊടിപ്പും തൊങ്ങലുകളുമില്ലാതെ ആവിഷ്കരിക്കാൻ റിയലിസ്റ്റ് എഴുത്തുകാർ ഉത്സുകരായി. പി. കേശവദേവ്, ഉറൂബ്, ത കഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ. പൊ റ്റെക്കാട്ട് തുടങ്ങിയ എഴുത്തുകാരാണ് മലയാളത്തിൽ യഥാതഥസ മ്പ്രദായത്തിന്റെ മുൻനിരയിലുണ്ടായിരുന്നത്. ഒരേ കാലഘട്ടത്തിൽ

ജീവിക്കുകയും ഒരേ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുകയും ഒരേ ലക്ഷ്യത്തിലേക്ക് നടക്കുകയും ചെയ്യുമ്പോഴും ഇവരുടെ എഴുത്തുരീതികൾ തികച്ചും വ്യതിരിക്തമായിരുന്നു.

സംഘർഷാത്മകവും അനീതി നിറഞ്ഞതുമായ ഒരു സമൂഹത്തെ അതിന്റെ എല്ലാ തീവ്രതയോടെയും ആവിഷ്കരിച്ച റിയലിസ്റ്റ് സാഹിത്യത്തിന് ആ സമൂഹത്തിന് എതിരേ നിർത്താൻ കരുത്തുറ്റ നായകരെ ആവശ്യമുണ്ടായിരുന്നു. ഇത്തരം നായകരെല്ലാം സമൂഹത്തിന്റെ താഴേത്തട്ടിൽ നിന്നുള്ളവരായിരുന്നു. പരമ്പരാഗതമായ ധീരോദാത്തസങ്കല്പങ്ങളെ തൃപ്തിപ്പെടുത്തുന്ന കുലീനർ ആയിരുന്നില്ല അവർ. അധ്വാനത്തിലൂടെയും അനീതിക്കും അസമത്വത്തിനുമെതിരായ പോരാട്ടത്തിലൂടെയും ചില പ്രത്യയശാസ്ത്രബോധ്യങ്ങളിലൂടെയും നേടിയെടുത്ത മനക്കരുത്തായിരുന്നു അവരുടെ ആയുധം. അധ്വാനിക്കുന്ന മനുഷ്യരായതിനാൽത്തന്നെ അവർ പരുക്കരും ഉറച്ച ശരീരമുള്ളവരുമായിരുന്നു. ഫ്യൂഡൽ കേന്ദ്രിതമായ പുരുഷസങ്കല്പത്തിൽനിന്ന് അനീതിയെ തുറന്നെതിർക്കുന്ന സാധാരണ മനുഷ്യരിലേക്കുള്ള ഒരു പരിണാമം ഉറൂബ്, പി. കേശവദേവ്, തകഴി തുടങ്ങിയവരുടെ നോവലുകളിൽ കാണാം.

സമൂഹത്തിന്റെ താഴെത്തട്ടിൽനിന്നും പൊരുതി സ്വാതന്ത്ര്യത്തിന്റെ പുതിയ തൊഴിലിടം കരസ്ഥമാക്കിയ പപ്പുവിന്റെ ജീവിതമാണ് കേശവദേവിന്റെ 'ഓടയിൽനിന്ന്' എന്ന നോവലിന്റെ ഇതിവൃത്തം. ജന്മിയുടെ സ്ഥലത്ത് കുടിലുകെട്ടി പാർക്കുന്ന കർഷകന്റെ മകനാണ് പപ്പു. ജന്മിത്വത്തിന്റെ ചൂഷണത്തിൽനിന്ന് ശാരീരികാധ്വാനം നൽകുന്ന സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുന്ന അയാൾ ഫ്യൂഡൽ ഭാവുകത്വത്തിൽ നിന്നുള്ള ഒരു വിച്ഛേദംകൂടി പ്രകടമാക്കുന്നുണ്ട്. വീട് എന്ന അംശത്തിൽ നിന്ന് സമൂഹം എന്ന സാകല്യത്തിലേക്കായിരുന്നു പിന്നീട് പപ്പുവിന്റെ യാത്ര. ജീവിക്കാനായി പലവേഷങ്ങളും അവനണിഞ്ഞു. ചുമട്ടുകാരനിൽനിന്ന് സൈക്കിൾ റിക്ഷക്കാരനായി. തന്റെ റിക്ഷ തട്ടി ഓടയിലേക്ക് വീണ ലക്ഷ്മി എന്ന പെൺകുട്ടിയുടെയും അവളുടെ അമ്മയുടെയും രക്ഷാകർതൃത്വം ഏറ്റെടുക്കുന്നതോടെ അയാളുടെ ജീവിതത്തിന് ഒരു ലക്ഷ്യബോധം കൈവരുന്നു. പിന്നീട്, ക്ഷയരോഗബാധിതനായ താൻ ഒരു ഭാരമാകും എന്നു തിരിച്ചറിഞ്ഞ് വർഗാഭിമാനത്തോടെ വീടുവിട്ടിറങ്ങുകയാണ് പപ്പു. സ്വാഭിമാനം എന്നത് നോവലിലുടനീളം പ്രകാശിതമായി നിൽക്കുന്ന ഒരു ആശയമാണ്. അതുവരെ അധ്വാനവർഗ്ഗവുമായി ഒരിക്കലും ബന്ധപ്പെടുത്തിയിട്ടില്ലാത്ത ഒന്ന്. പണിയെടുത്ത് അന്തസ്സോടെ ജീവിക്കുന്നതിലെ ഒരു പുതിയതരം ആണത്ത

ത്തെ, പരുക്കനും സംരക്ഷണോത്സുകവുമായ ആണത്തത്തെ, ഈ കൃതി മുന്നോട്ടുവയ്ക്കുന്നു. ആണത്തത്തിന്റെ സവിശേഷതയെ കെ.എം.തരകൻ ഇങ്ങനെ നിരീക്ഷിക്കുന്നു:

> ഓടയിൽനിന്നിലെ പപ്പുവിന് പാവങ്ങളിലെ ജീൻവാൽജീനുമായി ചില സാമ്യങ്ങൾ കാണുന്നവരുണ്ട്. എന്നാൽ ദേവിനെ ഏറ്റവും സഹതാപശൂന്യമായി എതിർക്കുന്നവർക്കുപോലും പപ്പുവിന്റെ വ്യക്തിത്വത്തെ നിരാകരിക്കാനോ നിഷേധിക്കാനോ സാധ്യമല്ല. കേരളത്തിലെ സാധാരണ ജനതയുടെ, വിശേഷിച്ചും തൊഴിലാളിയുടെ പൗരുഷത്തെ ഇത്രത്തോളം ഉജ്ജ്വലിപ്പിക്കാൻ സാധിച്ചിട്ടുള്ള മറ്റൊരു നോവൽ മലയാളത്തിൽ ഉണ്ടായിട്ടില്ല. (തരകൻ, 2025, പു.94)

തൊഴിലാളിവർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേല്പിലൂടെ പ്രതിനിധീകരിക്കപ്പെടുന്ന ഈ പുതിയ ആണത്തസങ്കല്പനത്തെ തകഴിയുടെ രണ്ടിടങ്ങഴിയിലും കാണാം. കുട്ടനാട്ടിലെ തൊഴിലാളികൾ കമ്യൂണിസ്റ്റ് ആശയത്താൽ പ്രചോദിതരായി ജന്മിമാരുടെ ചൂഷണത്തിനെതിരെ പ്രതികരിച്ചു തുടങ്ങുന്ന ഒരു സാമൂഹികസന്ദർഭം നോവലിന്റെ പശ്ചാത്തലത്തിലുണ്ട്. നായകനായ കോരന്റെ പിതാവിനെ മറവു ചെയ്യാൻ ആറടി മണ്ണുപോലും ലഭിക്കാതെ, ശരീരത്തെ വഞ്ചിയിലാക്കി കായലിനുനടുവിലേക്കു കൊണ്ടുപോകേണ്ട തരത്തിലുള്ള ദുഃസ്ഥിതിയിൽനിന്നാണ് പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും സ്വരങ്ങൾ പതുക്കെയെങ്കിലും ഉയർന്നുതുടങ്ങുന്നത്. ഫ്യൂഡലിസത്തിന്റെ സാമ്പത്തികമായ അടിച്ചമർത്തലിനൊപ്പം ജാതീയമായ പിന്നാക്കാവസ്ഥയും കോരന് നേരിടേണ്ടി വരുന്നുണ്ട്. കുട്ടനാട്ടിലെ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഭാഗമാകുന്ന കോരന് ദീർഘകാലം പ്രണയിച്ചു വിവാഹം ചെയ്ത ഭാര്യ ചിരുതയെ സംരക്ഷിക്കാനാവില്ലെന്ന ഘട്ടം വരുമ്പോൾ സുഹൃത്ത് ചാത്തന് അവളുടെ സംരക്ഷണം ഏല്പിച്ചുനൽകുകയാണു ചെയ്യുന്നത്. സമൂഹത്തിനുവേണ്ടി വ്യക്തിയുടെ സന്തോഷങ്ങളെ ത്യജിക്കുന്ന ത്യാഗഭരിതമായ ഒരു പൗരുഷസങ്കല്പമാണത്. അവിടെ സ്ത്രീയുടെ ഇച്ഛ വിഷയമാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. എല്ലാ സംഘർഷങ്ങൾക്കിടയിലും സമൂഹനന്മയ്ക്കായി ഉറച്ചു നിൽക്കാൻ സന്നദ്ധനായ അധ്വാനവർഗ്ഗത്തിൽപ്പെട്ട കീഴാളപുരുഷൻ. കുടുംബവും സ്ത്രീയും ഈ പോരാട്ടഭൂമികയ്ക്കു പുറത്താണ്.

1954-ൽ പ്രസിദ്ധീകൃതമായ ഉറൂബിന്റെ 'ഉമ്മാച്ചു'വിലും സാമൂഹികനീതിയും വ്യക്തിയുടെ അഭിലാഷങ്ങളും തമ്മിലുള്ള നിരന്തരമായ സംഘർഷം കാണാം. എല്ലാ തടസ്സങ്ങളും തട്ടിനീക്കി പ്ര

ണയികൾ ഒരുമിക്കുന്ന സാമ്പ്രദായികവും ശുഭപര്യവസായിയുമായ ഒരു കഥാഗതി ഉമ്മാച്ചുവിന് ഇല്ല. സാമ്പത്തിക അസമത്വമാണ് താൻ പ്രണയിച്ചിരുന്ന മായനെ ഉമ്മാച്ചുവിന് നഷ്ടപ്പെടുത്തുന്നത്. പിന്നീട് മായനെ വിവാഹം ചെയ്യുന്നുണ്ടെങ്കിലും ആദ്യഭർത്താവായ ബീരാന്റെ ഘാതകനാണ് അയാളെന്ന് അറിയുന്നതോടെ അവൾ മോഹാലസ്യപ്പെടുകയും മായൻ ആത്മഹത്യയിൽ അഭയം തേടുകയും ചെയ്യുന്നു. നോവലിന്റെ പിന്നീടുള്ള ഭാഗത്ത് ഉമ്മാച്ചുവിൽ ബീരാനിലുണ്ടായ മകൻ അബ്ദുവും മായനിലുണ്ടായ മകൻ ഹൈദ്രോസും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു കാണാം. അബ്ദു കോൺഗ്രസിന്റെ സ്ഥാനാർത്ഥിയാകുന്നത് പാർട്ടിയോടുള്ള സ്നേഹം കൊണ്ടല്ല, മറിച്ച് കൂട്ടുകാരിയായ ചിന്നമ്മുവിനുവേണ്ടിയാണ്. കോൺഗ്രസിനുവേണ്ടിനും നാടിന്റെ സ്വാതന്ത്ര്യത്തിനുംവേണ്ടി പ്രവർത്തിച്ച് ഉശിരുള്ള ആണാകാൻ അവൾ അബ്ദുവിനെ ഉപദേശിക്കുന്നു. അബ്ദു തോൽക്കുന്നുണ്ടെങ്കിലും ചിന്നമ്മുവിനെ വിവാഹം ചെയ്യുന്നതിൽ അയാൾ വിജയിക്കുന്നു. സന്തോഷത്തിനും അധികാരത്തിനും വേണ്ടിയാണ് അബ്ദു ഇവിടെ നിലകൊള്ളുന്നത്. ഇത് അറിഞ്ഞോ അറിയാതെയോ ഉള്ള പുരുഷന്റെ മേൽക്കോയ്മയുടെ ലോകസൃഷ്ടിയല്ലാതെ മറ്റൊന്നുമല്ല. ആണധികാര ലോകത്ത് മത്സരിക്കുക, വിജയിക്കുക, വെട്ടിപ്പിടിക്കുക തുടങ്ങിയവ പുരുഷന്റെ ജീവിതവ്രതമായി മാറുന്നു.

ആണത്തവുമായി ബന്ധപ്പെട്ടിരിക്കുന്ന പരമ്പരാഗതസങ്കല്പങ്ങളായ നേതൃത്വഗുണം, പാരുഷ്യം, വികാരനിയന്ത്രണം മുതലായ സംഗതികളാണ് മൂന്നു നോവലുകളിലെയും നായകകഥാപാത്രങ്ങളായ പപ്പു, കോരൻ, അബ്ദു എന്നിവരെ ധീരന്മാരും വീരന്മാരുമാക്കി പൗരുഷത്തിന്റെ പ്രോട്ടോടൈപ്പ് മാതൃകകളാക്കി മാറ്റുന്നതെന്ന് കാണാം. ജാതിയുടെയും തൊഴിൽനിലയുടെയും സംവർഗങ്ങൾ എന്തു തന്നെയായാലും ആണത്തം എന്ന സങ്കല്പനം അവയ്ക്കനുസരിച്ച് ക്രമീകരിക്കപ്പെടുക മാത്രം ചെയ്യുന്നു. അവയുടെ അടിസ്ഥാന ആശയങ്ങൾക്ക് മാറ്റം സംഭവിക്കുന്നില്ല. പൊരുതുന്ന പുരുഷനും അവനു കരുത്തു നൽകുന്ന, അവൻ സംരക്ഷിക്കുന്ന സ്ത്രീയും ഈ കൃതികളിലെ വാർപ്പുമാതൃകകളാണ്. ആദർശാത്മകവും ത്യാഗനിർഭരവും പോരാട്ടസന്നദ്ധവും നീതിയുക്തവുമായ ജീവിതത്തിലൂടെ നായകരായി മാറുന്ന അധ്വാനവർഗ്ഗ പുരുഷന്മാരിൽനിന്ന് ഏറെ വ്യത്യസ്തരാണ് ബഷീറിന്റെ കഥാപാത്രങ്ങൾ.

**ബഷീറിന്റെ നായകകർതൃത്വം**

സർവ്വചരാചരങ്ങളോടും ബഷീറിയൻ സാഹിത്യം സമഭാ വന പുലർത്തുന്നു. അവിടെ കാക്കയെയും പൂച്ചയെയുംപോലെ ഒ രു ജീവിവർഗ്ഗം മാത്രമാണ് മനുഷ്യനും. "ഖുർആനിൽ എല്ലായ്പ്പോ ഴും മനുഷ്യവംശമേ മനുഷ്യവംശമേ എന്ന് മനുഷ്യനെ മുഴുവനുമാ ണ് അഭിസംബോധന ചെയ്യപ്പെടുന്നതോർക്കുക. തകഴിക്കോ ദേവി നോ ഈ പാരിസ്ഥിതിക സമഭാവന സാധ്യമായിരുന്നില്ല. കാരണം അവർ സാമൂഹിക പ്രസ്ഥാനങ്ങളോടും വർഗവീക്ഷണത്തോടും വ ലിയ അളവിൽ ബന്ധിതരായിരുന്നു" (പ്രദീപൻ പാമ്പിരികുന്ന്, 2020, പു.81). പ്രദീപൻ നിരീക്ഷിച്ചതുപോലെ ആത്മാവിൽ ഏകരായിപ്പോ യവരുടെയും സമൂഹത്തിൽ ഇരുട്ടിലായിപ്പോയവരുടെയും പുറമ്പോ ക്കുകളിൽനിന്നാണ് ബഷീറിന്റെ ശബ്ദലോകം ഇരമ്പിവരുന്നത്. അ തുകൊണ്ടാണ് ബഷീറിന് തന്റെ കഥാപാത്രങ്ങളോട് സമഭാവന പുലർത്താൻ പറ്റുന്നത്. ആണത്തത്തിന്റെ പൊതുബോധത്തിൽനി ന്നും ലിംഗാധികാരഘടനയുടെ മേൽ-കീഴ് വ്യവസ്ഥകളിൽനിന്നും കഥാപാത്രങ്ങളെയും ഭാഷയെയും മോചിപ്പിക്കാൻ ബഷീറിനെ സ ഹായിക്കുന്നതും ഈ സമഭാവനതന്നെ.

പരമ്പരാഗത ആണത്ത സങ്കല്പങ്ങൾ പുരുഷന്റെ പെരുമാ റ്റത്തിനുമേൽ കർശനമായ നിബന്ധനകളാണ് അടിച്ചേല്പിക്കുന്ന ത്. അതിൽ വൈകാരികമായ നിയന്ത്രണങ്ങൾ (ആണുങ്ങൾ കരയ രുത്), അധീശത്വം (നേതൃത്വഗുണം, ലൈംഗികതയിലെ അധികാ രം), സ്വാശ്രയത്വം (മറ്റുള്ളവരോട് സഹായം ചോദിക്കരുത്), അക്ര മാസക്തത (ശാരീരികമായ കാഠിന്യം), ഭിന്നലൈംഗികത (സ്ത്രൈ ണതയോടും ക്വിയർ അസ്തിത്വങ്ങളോടുമുള്ള എതിർപ്പ്) എന്നിവ ഉൾപ്പെടുന്നു. കുടുംബം, മാധ്യമങ്ങൾ, സുഹൃത്തുക്കൾ, സ്ഥാപന ങ്ങൾ എന്നിവയിലൂടെയാണ് ഈ അധീശത്വമൂല്യങ്ങൾ പുരുഷനു ലഭിക്കുന്നത്. സാഹിത്യകൃതികൾ സമൂഹത്തിന്റെ പരിച്ഛേദം ആ യിരിക്കെ, സമൂഹത്തിലെ ആധിപത്യപ്രവണതകൾ സാഹിത്യകൃ തികളിലും കാണാം. എന്നാൽ ഇത്തരം ആധിപത്യമൂല്യങ്ങളെ ബ ഷീർ സാഹിത്യം പുറംതള്ളുന്നു.

ബാല്യകാലസഖിയിലെ മജീദിന്റെ കുട്ടിക്കാലം, സമൂഹം അംഗീകരിച്ച പുരുഷമാതൃകകളുടെ പ്രാഗ്‌രൂപമായാണു ചിത്രീകരി ക്കപ്പെടുന്നത്. സുഹ്‌റയ്ക്കൊപ്പം കളിക്കുമ്പോഴും "ഒരു നുറുങ്ങ് പെണ്ണ്. വീടുതോറും നടന്നു അടയ്ക്കാ വാങ്ങി ചാക്കിൽ ചുമന്നു കൊണ്ടുവന്ന് വിൽക്കുന്ന വെറും അടയ്ക്കാവില്പനക്കാരന്റെ മകൾ. അവൾ എന്തുകൊണ്ട് പണക്കാരനായ തടിക്കച്ചവടക്കാരന്റെ മക നെ ഭയക്കുന്നില്ല? പെണ്ണ് ഏതു നിലയിലും ആണിനെ പേടിക്കേ

ണ്ടതല്ലേ" (ബഷീർ, 2015, പു. 123) എന്ന് മജീദ് ചോദിക്കുന്നുണ്ട്. കണ്ണുരുട്ടിയും നാവുരുട്ടിയും ഭയപ്പെടുത്താൻ ശ്രമിക്കുന്ന, മരം കയറാൻ അറിയുന്ന, മാങ്ങയ്ക്കുമേൽ അധികാരം സ്ഥാപിക്കുന്ന ആൺകുട്ടിയാണ് ചെറുപ്പത്തിൽ മജീദ്. ആൺകുട്ടി ആയതുകൊണ്ടുമാത്രമാണ് തനിക്ക് മാവിന്റെ തുഞ്ചത്ത് കയറാനായതെന്നും സുഹ്റ പെണ്ണായതിനാൽ അവൾക്കത് സാധ്യമല്ലെന്നുമുള്ള തിരിച്ചറിവിലാണ് അവൻ മാവിൽ കയറി സുഹ്റയെ തോൽപ്പിക്കുന്നത്. ഉപ്പയിൽനിന്നാണ് അവന് ഇത്തരമൊരു ആണത്തബോധം ലഭിക്കുന്നത്. ഉപ്പയാകട്ടെ, മുകളിൽ സൂചിപ്പിച്ച വാർപ്പുമാതൃകകളുടെ പ്രതിരൂപമാണ്. ആക്രമണോത്സുകമായ ആണത്തമാണ് അയാളുടെ മുഖമുദ്ര. ആർദ്രത വറ്റിയ, കോളാമ്പി നീക്കിവെച്ചുകൊടുത്താലും ചെടിയിലേക്ക് മുറുക്കിത്തുപ്പുന്ന, ഉമ്മ പ്രതികരിച്ചാൽ 'അമന്റെ ഉമ്മാന്റെ ചെടി'യെന്ന് പരിഹാസത്തോടെ പറയുന്ന പുരുഷൻ. പൊൻകുടുക്കുകളുള്ള കുപ്പായമിടുന്ന, കറുത്ത പുരികങ്ങളുള്ള സ്വർണക്കണ്ണട ധരിക്കുന്ന പുരുഷൻ. അയാളിലാണ് സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നത്. മകനും തന്റെ വഴി പിന്തുടർന്നു വരണമെന്ന് അയാൾ പ്രതീക്ഷിക്കുന്നു. അതിനു തയ്യാറാകാതെ വരുമ്പോൾ അവനെ ആട്ടിയിറക്കുകയും ചെയ്യുന്നു. സുഹ്റയെക്കൂടി പഠിപ്പിക്കണമെന്ന മജീദിന്റെ അഭ്യർത്ഥനയാണ് അയാളെ കുപിതനാക്കുന്നത്. സമ്പത്ത് ഇല്ലാതായപ്പോഴും അയാളുടെ ആൺ ബോധം ഉപേക്ഷിക്കാൻ അയാൾ തയ്യാറായിരുന്നില്ല. അതുകൊണ്ടാണ് അയാൾ, 'അമന്റെ ഉമ്മാടെ ചെടി! എന്റെ മൊതലൊക്കെ നശിപ്പിച്ച് അമനെ ഞാൻ പടിപ്പിച്ച്. എന്നിട്ടവൻ രാജ്യങ്ങളൊക്കെ ചുറ്റി ഒരുപാടുകൊല്ലം കഴിഞ്ഞു വന്നിരിക്കുന്നു. വെറുങ്കയ്യോടെ. അമന്റെ ഒരു ചെടി. ഒരു സമ്പാദ്യം. ഈ വയസ്സുകാലത്ത് ഇനിക്ക് സുകിക്കാൻ ഒരു തോട്ടം. ഒക്കെ ഞാൻ ബെട്ടിപ്പറിച്ചുകളേം' എന്നു പറയുന്നത്. (ബഷീർ, 2015, പു.150) മജീദ് സമ്പത്തുണ്ടാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. പരാജയപ്പെട്ട പുരുഷൻ അധികാരം നിർവചിക്കുന്ന ഇടങ്ങൾക്കു പുറത്താണ്. വീട്ടിൽനിന്ന് പുറത്തിറങ്ങിയ മജീദ് വീട് എന്നത് പുരുഷാധിപത്യത്തിന്റെ ഈറ്റില്ലമാണെന്ന് തിരിച്ചറിഞ്ഞു. ഇതിനെതിരെയുള്ള ബോധം മജീദിന് ലഭിച്ചത് ലോകസഞ്ചാരത്തിൽനിന്നാണ്. ജനിച്ചുവീഴുന്ന കുട്ടികളെ ആൺകുട്ടിയായും പെൺകുട്ടിയായും വളർത്തിയെടുക്കുന്നത് അവർ ജീവിക്കുന്ന പ്രത്യയശാസ്ത്രപരിസരങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ പിതൃദായകക്രമത്തിന്റെ കണ്ണിയായ മജീദിന്റെ പ്രത്യയശാസ്ത്രപരിസരം അവന്റെ വീടല്ല, അവൻ കണ്ട ലോകമാണ്. നാടുവിട്ടില്ലായിരുന്നുവെങ്കിൽ മജീദ് ത

ടിവില്പനക്കാരനായ ഉപ്പയുടെ യഥാർത്ഥ അവകാശിയായി മാറി യേനേ.

മക്കൾക്ക് സ്വത്തവകാശമുള്ള ജാതിമുറയാണ് 'പിതൃദായക്രമം'. പിതൃമേൽക്കോയ്മയുള്ള ഈ സമ്പ്രദായത്തിൽ പിതാവാണ് പരമാധികാരി. പിതാവിൽ നിന്ന് പുത്രനിലേക്കാണ് പിന്തുടർച്ചാവകാശം. കുടുംബപരമായും സാമൂഹ്യമായും അനുവർത്തിക്കുന്ന ഈ വ്യവസ്ഥിതിയാണ് പാട്രിയാർക്കി. അധികാരത്തിലൂന്നിയ ഈ വ്യവസ്ഥയുടെ നാഥൻ പുരുഷനാണ്. തീരുമാനങ്ങളെടുക്കുന്നതും നടപ്പാക്കുന്നതും പുരുഷനാണ്. സ്ത്രീകൾ ഭരിക്കുന്ന കുടുംബങ്ങളിലും സ്ഥാപനങ്ങളിലും പുരുഷന്റേതെന്ന് പറയുന്ന 'ആണത്ത' പ്രയോഗം തന്നെയാണുള്ളത് (സനിൽകുമാർ).

ഇത്തരം പിതൃഅധികാരരൂപം നിർമിച്ചെടുത്ത ശരീരമോ മനസ്സോ അല്ല മജീദിന്റേത്. അവൻ നിന്ദാവഹങ്ങളായ നോട്ടങ്ങളും പരിഹാസവചനങ്ങളും കേൾക്കുന്നുണ്ട്. അത് സമ്പത്തില്ലാതെ മടങ്ങി വന്നതിൽ നാട്ടുകാർ പറയുന്നതാണ്. തന്മൂലം മജീദ് പുറത്തിറങ്ങാതായി. അപമാനിക്കപ്പെട്ടാൽ പുരുഷൻമാർ പ്രതികാരം ചെയ്യാനാണ് പുറപ്പെടുക. ഇവിടെയാണ് ബഷീർ ലിംഗപരമായ വിച്ഛേദം നടത്തുന്നത്. വീട്ടിലേക്ക് തിരിച്ചുവന്ന മജീദ് കാമുകൻ, മകൻ, സഹോദരൻ എന്നീ നിലകളിലെല്ലാം പരാജയപ്പെട്ട വ്യക്തിയാണ്. ആൺ-സമ്പത്ത്-അധികാരം ഈ സൂത്രവാക്യത്തിന്റെ ഒരുപുറം ഉപ്പനിൽക്കുമ്പോൾ മറുപുറം മജീദ് നിൽക്കുന്നു.

**കേൾക്കുന്ന നായകർ**

"എന്താണീ ലോകത്ത് കാണാനുള്ളത്, എല്ലാം ഞാൻ കേൾക്കുന്നുണ്ടല്ലോ" എന്ന് ശബ്ദങ്ങൾ എന്ന നോവലിലെ കണ്ണുപൊട്ടനായ തെണ്ടിയുടെ കഥാപാത്രം ചോദിക്കുന്നുണ്ട്. ഈ ചോദ്യം ബഷീറിന്റെ നായകരുടെ കാര്യത്തിൽ ഏറ്റവും യോജിക്കുന്ന ഒന്നാണ്. സ്ത്രീകളുടെ സൗന്ദര്യത്തെപ്പോലും ബഷീറിന്റെ നായക കഥാപാത്രങ്ങൾ കാണുകയല്ല, കേൾക്കുകയാണ്. പ്രണയത്തിലായാലും ദാമ്പത്യത്തിലായും സൗഹൃദത്തിലായും സ്ത്രീകളെ കേൾക്കുകയെന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. മതിലുകളിലെ നാരായണിയും ബാല്യകാലസഖിയിലെ മജീദും അനുരാഗത്തിന്റെ ദിനങ്ങളിലെ ബഷീറും പ്രേമലേഖനത്തിലെ കേശവൻ നായരും സ്ത്രീകളെ കേൾക്കുന്നവരാണ്. ഈ കേൾവിയുടെ ഫലമായാണ് നായികമാർ സ്വത്വബോധമാർജ്ജിക്കുന്നവരായി മാറുന്നത്. മജീദ് രണ്ടാമതും വീട്ടിൽനിന്ന് ഇറങ്ങിപ്പോകുമ്പോഴും സുഹ്റയുടെ ശബ്ദമാണ് കേൾക്കുന്നത്.

"ദൂരത്തായി സുഹ്റയുടെ മനോഹരശബ്ദം മുഴങ്ങി. മണ്ണെണ്ണ വിളക്കിന് മുന്നിൽ ഇരുന്ന് അവൾ ഖുർ-ആൻ പാരായണം ചെയ്യുകയാണ്. ഇടയ്ക്കിടെ അവൾ മുഖമുയർത്തി മാവു നിൽക്കുന്ന ഭാഗത്തേക്ക് നോക്കി. എന്തോ കേൾക്കാനെന്നപോലെ കണ്ണുകൾ നിശ്ചലങ്ങളായി. തങ്കം പോലുള്ള കവിൾത്തടങ്ങൾ പ്രകാശിച്ചു. ചോര തൊട്ടെടുക്കാവുന്ന ചുണ്ടുകൾ വിടർന്നു. കുറേ സമയം അങ്ങനെ ഇരുന്നിട്ട് സുഹ്റ വായന തുടർന്നു" (ബഷീർ, 2015, പു.147).

കുഞ്ഞിപാത്തുമ്മ ബാപ്പയുടെ മുഖത്തേക്ക് നോക്കും. ബാപ്പ ഒന്നും പറയുകയില്ല.

ഉമ്മാ തുടരും.

"ക്യാമം അടുത്തതിന്റെ അടയാളം കണ്ടോ?"

(ബഷീർ, 2015, പു.558).

കുഞ്ഞുപാത്തുമ്മയുടെ ഉമ്മയാണ് ഏറ്റവുമധികം സംസാരിക്കുന്നത്. അവരുടെ ശബ്ദമാണ് കുടുംബത്തിൽ നിർണ്ണായകമായിട്ടുള്ളത്. ബാപ്പയാകട്ടെ, സംയമനത്തിന്റെ ഭാഷയും ശരീരഭാഷയുമാണ് എപ്പോഴും പുലർത്തുന്നത്.

പാത്തുമ്മയുടെ ആടുകാണിച്ച കൊള്ളരുതായ്മ ഞാൻ കണ്ടല്ലോ. പാത്തുമ്മായ്ക്ക് ലേശം മാനക്ഷയം വന്ന മാതിരി. "ഇത് ഇങ്ങനേനും ചെയ്യണതല്ല ഇക്കാക്ക," എന്നു പറഞ്ഞു.

ഞാൻ ചെറിയ ഒരു കല്ലുകൊണ്ട് കലം പൊട്ടിച്ച് ആടിനെ മോചിപ്പിച്ചു.

"ഇത് ഞങ്ങൾക്കറിയാവാർന്ന്. അമ്പടാ! ഉമ്മാ പറഞ്ഞു. ഒരു നല്ല കലാ നീ പൊട്ടിച്ചത്."

ഞാൻ അപമാനിതനായി വരാന്തയിൽ വന്നിരുന്നു.

(ബഷീർ, 2015, പു.945)

സുഹ്റയുടെ ഓത്ത് കേൾക്കുന്ന മജീദ്, ഭാര്യയുടെ ദേഷ്യം പിടിപ്പിക്കുന്ന വാക്കുകൾ കേൾക്കുമ്പോൾ മിണ്ടാതിരിക്കുന്ന കുഞ്ഞിപാത്തുമ്മയുടെ ഉപ്പ. രണ്ടും പേരും സമ്പത്തില്ലാത്തവർ. നിസ്സഹായർ. പാത്തുമ്മയുടെ ആടിലെ ബഷീറിന്റെ അവസ്ഥയും മറ്റൊന്നല്ല. അപമാനിതനാവുക എന്നത് അസ്വാഭാവികമായി അയാൾ കാണുന്നില്ല. പുരുഷാധിപത്യവ്യവസ്ഥയും അതിന്റെ അധികാരഘടനയും സൃഷ്ടിക്കുന്ന മേൽകീഴ്ബന്ധം ഇവിടെ അയാളെ ബാധിക്കുന്നുമില്ല. അയാൾ ഉമ്മയും സഹോദരികളും അടങ്ങുന്ന സ്ത്രീകളുടെ ഇടയിൽനിന്ന് അപമാനിതനായി വരാന്തയിൽ ഇരിക്കുന്നയാളാണ്. പൂർണ്ണമായും ആ വീട് ഒരു പെണ്ണിടമാണ്. പുരുഷന്മാർ

അതിൽ വന്നുപോകുന്നവർ മാത്രം. ഉമ്മയാണ് അധികാരകേന്ദ്രം. ആ ഇടത്തിന്റെ ഒരു കൂട്ടിച്ചേർക്കലായ വരാന്തയിലാണ് ബഷീറിന്റെ ഇരിപ്പ്. അയാളുടെ ഭാഷയും ശരീരവും അതിനോട് താദാത്മ്യം പ്രാപിച്ചിരിക്കുന്നു. ഇടയ്ക്കിടെ അനുജനായ അബു ചെയ്യുന്നതുപോലെ ഒച്ചയുയർത്തി അച്ചടക്കമുണ്ടാക്കാൻപോലും അയാൾ ശ്രമിക്കുന്നില്ല. കുടുംബത്തെ സാമ്പത്തികമായി പറ്റാവുന്നപോലെയൊക്കെ അയാൾ സഹായിച്ചിട്ടുണ്ടെങ്കിലും അതിനെ ആധിപത്യത്തിന്റെ ഒരു ഉപകരണമായി അയാൾ കാണുന്നുമില്ല.

സമൂഹത്തിൽ പ്രാമുഖ്യമുള്ള വിഭാഗങ്ങൾക്ക്- അത് സമ്പത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ അടിസ്ഥാനത്തിലാകട്ടെ- സമൂഹത്തിൽ അവരുടെ സ്ഥാനത്തെക്കുറിച്ചു ചിന്തിക്കേണ്ടി വരുമ്പോൾ അത് ന്യായീകരണത്തിന്റെയോ സാധൂകരണത്തിന്റെയോ ഭാഷയിലായിരിക്കും. എന്നാൽ അത്തരമൊരു ഭാഷ മജീദോ, ബഷീറോ, വട്ടനടിമയോ പ്രകടിപ്പിക്കുന്നില്ല.

ആണത്തത്തെ അളക്കുന്നത് ആണത്തത്തെ എത്രമാത്രം ഉറപ്പിക്കാൻ കഴിയുമെന്നതിനെ ആശ്രയിച്ചാണ്. വശീകരണത്തിൽ വശംവദരാകാതിരിക്കലാണ് ആണത്തം എന്ന സങ്കൽപ്പമുണ്ടെന്ന് പിയറി ബോർദ്യു (ബോർദ്യു, 2019, പു. 48) അഭിപ്രായപ്പെടുന്നുണ്ട്. ബഷീറിന്റെ നായകർ ഇത്തരം വ്യവസ്ഥാപിത ആണത്തത്തെ ഉറപ്പിക്കാൻ ശേഷിയില്ലാത്തവരാണ്. അവർ പല തരത്തിൽ നിസ്സഹായത പേറുന്നവരാണ്. പിതാക്കളിൽനിന്ന് സമ്പത്ത് കിട്ടാത്തവരും അധികാരഭാഷ സ്വായത്തമാക്കാത്തവരുമാണ്. ഇറങ്ങിപ്പോകുമ്പോൾ യോദ്ധാക്കളായി തിരിച്ചുവരാമെന്ന ചിന്ത അവർക്ക് ഉണ്ടാവാമെങ്കിലും തിരിച്ചുവരുന്നത് തോറ്റവരായിട്ടാണ്. ബാല്യകാലസഖിയിൽ നിന്ന് ഉപ്പയുടെ ടപ്പേന്നുള്ള അടി കവിളിൽകിട്ടിയ മജീദിന്റെ അതേ ഛായയാണ് പാത്തുമ്മയുടെ ആടിലേക്ക് കയറി വന്ന ബഷീറിൽ കാണുന്നത്. ആട് കഞ്ഞിക്കലം പൊട്ടിക്കുമ്പോൾ ബഷീർ ഗ്ലാസ് പൊട്ടിക്കുന്നു. വീടില്ലാത്തവൻ തിരിച്ചെത്തുന്നത് വെറും അതിഥിയായിട്ടാണ്. അങ്ങനെയുള്ള ഒരാൾക്ക് വീട്ടിൽ അധികാരവും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടാവണം, പാത്തുമ്മയുടെ ആടിലെ നായകന് ആടിനും കോഴിക്കും കാക്കയ്ക്കും നൽകപ്പെട്ട കർത്തൃത്വമാണ് നൽകിയതെന്ന് തോന്നും.

> “വല്യ ഇയ്ക്കാക്ക എന്തിനാ ഇങ്ങോട്ട് വന്നത്? എന്ന് ദുഃഖത്തോടെ പാത്തുമ്മ ചോദിച്ചു. പാത്തുമ്മയുടെ വീട് ദയനീയമായ ഒന്നാണ്. മണ്ണു കുഴച്ചുവെച്ച് പനയോല മേഞ്ഞ ഒരു ചെറിയ മുറി. അതിന്റെ കതക് പുരാതനമായ ഏതോ വീടിന്റേതാണ്.

അതു കയറുകൊണ്ട് കെട്ടിവെച്ചിരിക്കുകയാണ്. അതിന് പൂട്ടൊന്നുമില്ല.

വല്യ കൊറച്ചിലായി. പാത്തുമ്മ പറഞ്ഞു.

ഇഞ്ഞി ഞാൻ ജീവിച്ചിട്ടെന്താ കാര്യം?

ഞാൻ പറഞ്ഞു.

നീ ചുമ്മാതിരി. അതിന്റെ കതക് നന്നാക്കാനുള്ള രൂപാ ഞാൻ തരാം.

വേണ്ട, വല്യ ഇയ്ക്കാക്കാ, ഞാൻ എന്റെ ആട്ടിന്റെ പാല് വിറ്റ് ഒണ്ടാക്കിക്കൊള്ളാം".

(ബഷീർ, 2015, പു.964)

ഇവിടെ ഞാൻ, എന്റെ എന്ന് പാത്തുമ്മയ്ക്ക് പറയാൻ സാധിക്കുന്നത് പെറ്റ ആടിന്റെ ഉടമയാണെന്ന സ്വത്വബോധം കൊണ്ടാണ്. ഇക്കാക്കയോട് രൂപാ വേണ്ട എന്ന് നിഷേധാർത്ഥത്തിൽ പറയാൻ അവൾക്ക് സാധിക്കുന്നു. പാത്തുമ്മയുടെ ആടിലെ പാത്തുമ്മയും മതിലുകളിലെ നാരായണിയും പ്രേമലേഖനത്തിലെ സാറാമ്മയും ഇത്തരത്തിൽ സ്വതന്ത്രമാക്കപ്പെട്ട കർതൃത്വങ്ങളാണ്.

'അനുരാഗത്തിന്റെ ദിനങ്ങളിലെ' ദേവി സഹവിദ്യാഭ്യാസത്തെക്കുറിച്ച് ഒരു പ്രസംഗം എഴുതിനൽകാൻ കാമുകനോട് ആവശ്യപ്പെടുന്നുണ്ട്. കാമുകൻ എഴുതിനൽകിയ പ്രസംഗത്തിനാണ് ഒന്നാം സ്ഥാനം ലഭിക്കുന്നത്. സഹവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ലിംഗാധികാരത്തെ ഇല്ലായ്മ ചെയ്യലാണ്. ഈ ബോധം ബഷീറിന്റെ കാഴ്ച്ചപ്പാടുകളുടെ ആകത്തുകയാണ്. ഭാഷയിലൂടെ അധികാരം സ്ത്രീകളുടെമേൽ അടിച്ചേൽപ്പിക്കുന്ന നായകരെയും കാണില്ല ബഷീർ നോവലുകളിൽ. സഹാനുഭൂതിയൂടെ ഭാഷയിലാണ് ദേവിയോടുള്ള സംസാരം. തന്റെ അതേ നില പ്രകടിപ്പിക്കുന്ന, ബഹുമാനിക്കപ്പെടേണ്ടവരാണ് മറുപുറത്തുനിൽക്കുന്ന സ്ത്രീകൾ എന്ന ബോധം ബഷീറിന്റെ നായകർക്കുണ്ട്. അതുകൊണ്ട് പുരുഷനിർമിതമായ സമൂഹത്തിന്റെ സദാചാരസംഹിതകളെ നോവലുകളിലെ സ്ത്രീകൾക്ക് അത്ര പരുഷമായി അഭിമുഖീകരിക്കേണ്ടി വരുന്നില്ല.

നായകശരീരം ആണത്തത്തെ ഊട്ടിയുറപ്പിക്കുന്ന പ്രധാന ഘടകമാണ്. അതുകൊണ്ടാണ് നമ്മുടെ നായകസങ്കൽപ്പങ്ങൾ ആണത്തത്തെ ഇത്രമേൽ പ്രഘോഷണം ചെയ്യുന്നത്. 'ധീരോദാത്തനതിപ്രതാപ ഗുണവാൻ വിഖ്യാതവംശൻ' എന്ന രീതിയിലുള്ള നായകസങ്കല്പങ്ങളാണ് പുരുഷനെ സ്ത്രീകളുടെ രക്ഷകർത്താക്കളായും സമൂഹത്തിലെ അനീതികളെ ചോദ്യം ചെയ്യുന്നവനായും എല്ലായിടത്തും ജയിച്ചുവരേണ്ടവനുമാക്കിത്തീർക്കുന്നത്. ബഷീറിന്റെ

സമകാലികരായ നോവലിസ്റ്റുകളുടെ നോവലുകളിലെ കഥാപാത്രങ്ങൾക്ക് ഇത്തരത്തിലുള്ള ഛായ ദർശിക്കാൻ കഴിയും. എന്നാൽ ബഷീറിന്റെ നായകർ മനുഷ്യരുടെ എല്ലാതരം വൈകാരിക അവസ്ഥകളും പ്രകടിപ്പിക്കുന്ന, ശാരീരികമോ സൗന്ദര്യാത്മകമോ ആയ സമ്പൂർണ്ണത അവകാശപ്പെടാൻ കഴിയാത്തവരാണ്.

"നാരായണി ചോദിച്ചു. മുഖം എങ്ങനെ?

ഒരു ശകലം നീണ്ടു മെലിഞ്ഞതാണ്. മുടി ക്രാപ്പ് ചെയ്തിരിക്കുന്നു. ലേശം കഷണ്ടിയുണ്ട്.

കണ്ണുകൾ?

ഞാൻ പറഞ്ഞു

ഒരുമാതിരി ചെറിയ ആനക്കണ്ണ്"

(ബഷീർ, 2015, പു.997)

'അനുരാഗത്തിന്റെ ദിനങ്ങളി'ലെ നായകൻ പാതി കഷണ്ടി കയറിയ ആളാണ്. സ്വന്തം ശരീരത്തെക്കുറിച്ച് അയാൾ ബോധവാനല്ല. "ഞാൻ എന്റെ തലമുടിയുടെ മുക്കാൽ ഭാഗത്തുള്ള മുടി ആകാവുന്ന വിധത്തിൽ ബ്രഷുകൊണ്ടൊന്നും ചീകിവച്ചില്ല. ഷർട്ടും ഇട്ടില്ല. മുണ്ടും ഉടുത്തിട്ടില്ല. ഞാൻ ഇരുന്ന പടി ഇരുന്നു. ഒരു ഉത്കണ്ഠയുമില്ല." (ബഷീർ, 2015, പു. 1825) ഇവിടെ ഉത്ക്കണ്ഠയില്ലാതെ ഇരിക്കാൻ പറ്റുന്നത് പുരുഷൻ ആയതുകൊണ്ടല്ല, തന്റെ ശരീരത്തിന്റെ അണിഞ്ഞൊരുങ്ങൽ വലിയ കാര്യമാണെന്ന് തോന്നാത്തതുകൊണ്ടുകൂടിയാണ്. മതിലുകളിലെ നായകനും കഷണ്ടിയുണ്ട്.

**ഉപസംഹാരം**

റിയലിസ്റ്റ് സാഹിത്യകൃതികളിൽനിന്ന് ആശയതലത്തിലല്ലെങ്കിലും ആവിഷ്കാരതലത്തിൽ ബഷീർ അകലം പാലിക്കുന്നുണ്ട്. മുസ്‌ലിം സമുദായത്തിനുള്ളിലെ അനാചാരങ്ങൾക്കെതിരേ, സ്ത്രീകളെ അടിച്ചമർത്തുന്നതിനെതിരേ വളരെ ജൈവികമായി പ്രതികരിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നി'ലെ നിസാർ അഹമ്മദിനെപ്പോലെ ചുരുക്കം ചില കഥാപാത്രങ്ങളെ മാത്രമേ ആദർശാത്മകതയുടെ പരിവേഷം മനപ്പൂർവം നൽകി അദ്ദേഹം സൃഷ്ടിച്ചിട്ടുള്ളൂ. നിസ്സാർ അഹമ്മദും ആയിഷയും ഉൾപ്പെടുന്നവർ പുരോഗമനേച്ഛുക്കളായ ഒരു കുടുംബത്തിലെ സ്വാഭാവിക അംഗങ്ങൾ മാത്രമാണ്. 'മതിലുകളി'ലെ ബഷീർ സ്വാതന്ത്ര്യസമരസേനാനിയാണെങ്കിലും അയാളുടെ പ്രണയത്തിലൂടെയുള്ള സമരം എല്ലാത്തരം ഭൗതികസമരങ്ങളെയും കവച്ചുവയ്ക്കുന്നു. പൂച്ചെടികൾ നടുന്ന, ജീവികളോട് സംസാരിക്കുന്ന, സ്ത്രീകളെ പ

ച്ചമനുഷ്യരായി കാണുകയും സമഭാവനയോടെ സ്നേഹിക്കുകയും ചെയ്യുന്ന ബഷീറിന് ലക്ഷണമൊത്ത ഒരു വില്ലൻകഥാപാത്രത്തെ സൃഷ്ടിക്കാനായില്ലെന്നതും രസകരമാണ്. എല്ലാവരും സാഹചര്യങ്ങളുടെ സൃഷ്ടികളാണ്. ജീവിതവും സമൂഹവും അടിച്ചേല്പിക്കുന്ന മുറിവുകൾ ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ അവരെ ദുർബലരാക്കുന്നുണ്ട്. സമൂഹത്തിനെതിരായ സംഘടിതമായ സമരങ്ങൾ നയിക്കാൻ കെല്പുള്ള വീരനായകന്മാരെയല്ല, മതേതരവും വിപ്ലവാത്മകവുമായ പ്രണയം പോലുള്ള ചെറിയ മുന്നേറ്റങ്ങളിലൂടെ ചെറിയ വിജയങ്ങൾ കൈവരിക്കുന്ന സാധാരണ പുരുഷന്മാരെയാണ് ബഷീർ സൃഷ്ടിച്ചത്.

ഒരു പുരുഷൻ പാർശ്വവത്കരിക്കപ്പെട്ടതോ കീഴാളമായതോ ആയ പുരുഷത്വങ്ങളുടെയോ സ്ത്രീത്വത്തിന്റെയോ അംശങ്ങൾ മനപ്പൂർവ്വം തന്റെ വ്യക്തിത്വത്തിൽ ഉൾച്ചേർക്കുന്നതിനെ വിശേഷിപ്പിക്കുന്ന പദമാണ് Hybrid Masculinity അഥവാ സങ്കരപുരുഷത്വം. ലിംഗപരമായ ആനുകൂല്യം അനുഭവിക്കുന്ന വ്യക്തികൾ പരമ്പരാഗതമായ അധീശത്വ ആണത്തസങ്കല്പത്തിൽനിന്ന് വിട്ടുനിൽക്കാനായാണ് സങ്കരപുരുഷത്വത്തെ സ്വീകരിക്കുന്നത്. കൂടുതൽ സൂക്ഷ്മസംവേദനക്ഷമതയും (sensitivity) ഉൾക്കൊള്ളിക്കലും (inclusivity) ഇത്തരം വ്യക്തികൾ പ്രകടിപ്പിക്കും. വൈകാരികമായ ദൗർബല്യങ്ങൾ പ്രകടിപ്പിക്കുകയും പരമ്പരാഗതമായി സ്ത്രീകൾ ചെയ്തുവരുന്ന സംഗതികൾ ചെയ്യുകയും ചെയ്യുന്ന പുരുഷന്മാർ ഇത്തരം സങ്കരപുരുഷത്വത്തെ സ്വീകരിക്കുന്നവരാണ്. ബഷീറിന്റെ ആണുങ്ങൾ ഈ സങ്കരപുരുഷത്വത്തിന്റെ മാതൃകകളായി തോന്നിക്കുമെങ്കിലും കുറേക്കൂടി വിശാലമായ മാനവികബോധത്തിന്റെയും കൂടുതൽ വികസിതമായിത്തുടങ്ങിയിരുന്ന ആഗോള കാഴ്ചപ്പാടുകളുടെയും പ്രതിഫലനമാണ് സഞ്ചാരി കൂടിയായിരുന്ന ബഷീറിന്റെ കൃതികളിൽ പ്രകടമായിരുന്നതെന്നു വേണം കരുതാൻ. സമകാലികരായ എഴുത്തുകാർ കേരളത്തിന്റെ സാമൂഹിക യാഥാർഥ്യങ്ങളിൽ കൂടുതലായി ശ്രദ്ധവച്ചപ്പോൾ അതിന് അതീതമായതും സ്ത്രീപുരുഷസമത്വത്തിൽ അധിഷ്ഠിതമായതുമായ ഒരു സമാന്തരമാനവികതയിലേക്ക് ബഷീർ വളർന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ നായക കഥാപാത്രങ്ങൾ.

**ഗ്രന്ഥസൂചി**

ഉറൂബ്. ഉമ്മാച്ചു. കറന്റ് ബുക്സ്, 1971.

എരുമേലി. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ. കറന്റ് ബുക്സ്, 2012.

കേശവദേവ്, പി. ഓടയിൽനിന്ന്. സാഹിത്യപ്രവർത്തക സഹകരണ

സംഘം, 1974.
തകഴി, ശിവശങ്കരപ്പിള്ള. രണ്ടിടങ്ങഴി. സാഹിത്യപ്രവർത്തക സഹകരണ സംഘം, 1974.
തരകൻ, കെ.എം. മലയാളനോവൽ സാഹിത്യചരിത്രം. കേരള സാഹിത്യ അക്കാദമി, 2025.
പ്രദീപൻ പാമ്പിരികുന്നിന്റെ ലേഖനങ്ങൾ (സമാ. സുനിൽ പി. ഇളയിടം, കെ.എം. അനിൽ). കേരള സാഹിത്യ അക്കാദമി, 2020.
പ്രസന്നരാജൻ, അധികാരം സാഹിത്യത്തിൽ– സമകാലിക വായനകൾ. കേരള ാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018.
ബോർദ്യു, പിയറി. ആണത്തവും അധീശത്വവും. പ്രോഗസ് പബ്ലിക്കേഷൻസ്, 2019.
മുഹമ്മദ് ബഷീർ, വൈക്കം. ബഷീർ സമ്പൂർണകൃതികൾ. ഡി.സി. ബുക്ക്സ്, 2015.
സനിൽകുമാർ, പി. ലിംഗം വലിയ നുണയാണ്; ആണത്തം അണുബോംബും. Azhimukham, 13 Aug. 2015, azhimukham.com/masculinity-patriarchy/.
Connell, R. W. Masculinities. University of California Press, 1995.
Davidson, Michael. Guys Like Us: Citing Masculinity in Cold War Poetics. Chicago: U of Chicago P, 2004
Horlacher, Stefan, editor. Configuring Masculinity in Theory and Literary Practice. Brill, 2015. JSTOR, http:// www.jstor.org/stable/10.1163/j.ctv2gjwt1m. Accessed 31 Mar. 2025.
Morgan, David H. J. Discovering Men: Sociology and Masculinities. Routledge, 1992.

**അബ്ദുൽ സലാം എ. പി**
ഗവേഷകൻ
കാലിക്കറ്റ് സർവകലാശാല
കേരള സാഹിത്യ അക്കാദമി, തൃശൂർ
Pin: 680020
Ph: +91 9544973993
Email: apsalaamkannur@gmail.com
ORCiD: 0009-0006-9941-8520
&
**ഡോ. ജിഷ എലിസബത്ത് വർഗീസ്**
റിസർച്ച് ഗൈഡ് & അസോസിയേറ്റ് പ്രൊഫസർ
വിമല കോളെജ്, തൃശ്ശൂർ
Pin: 680009
Ph: +91 9447436163
Email: gishapious@gmail.com
ORCiD: 0009-0006-4179-6836